LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യാചകരെ മോചിപ്പിക്കുന്നതിനും അവരുടെ പുനരധിവാസത്തിനും സ്വീകരിച്ച നടപടികൾ താഴെകൊടുക്കുന്നു:

1. യാചകരെ പുനരധിവസിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് സംസ്ഥാനത്തിന് ഒരു ഏകീകൃത യാചക നിരോധന നിയമം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സംസ്ഥാനത്ത് 10-ഓളം യാചക പുനരധിവാസ കേന്ദ്രങ്ങളിലൂടെ 700-ഓളം അന്തേവാസികളെ സംരക്ഷിച്ചുവരുന്നു.

3. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ മെയിന്റനൻസ് ചാർജ്ജ് 250 രൂപയിൽ നിന്ന് പടിപടിയായി വർദ്ധിപ്പിച്ച് ഒരു അന്തേവാസിക്ക് പ്രതിമാസം 1,000 രൂപയായി നൽകി വരുന്നു.

(ബി) അംഗീകാരമുള്ള യാചക പുനരധിവാസ കേന്ദ്രങ്ങൾ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) യാചക നിരോധന ബിൽ നടപ്പിലാക്കുന്നതോടൊപ്പം കൂടുതൽ പ്രാധാന്യം നൽകി പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്.

കട്ടനാട്ടിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങൾ

241 (3081) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന കട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സ്നേഹപൂർവ്വം പദ്ധതി കട്ടനാട്ടിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനകരമായി എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) വികസനപ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്നേഹപൂർവ്വം പദ്ധതി പ്രവർത്തനം 2012 നവംബറിലാണ് ആരംഭിച്ചത്. പ്രസ്തുത വർഷം കുട്ടനാട് ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ നിന്നും പദ്ധതി ധനസഹായം ആർക്കും അനുവദിച്ചിട്ടില്ല. 2013-14 വർഷത്തിൽ അപേക്ഷകൾ നേരിട്ട് സ്വീകരിക്കുകയായിരുന്നു. പ്രസ്തുത വർഷത്തിൽ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. എന്നാൽ കുട്ടനാട് മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ നിന്നും 2013-14 വർഷത്തിൽ 1242 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2014-15 വർഷം മുതൽ സ്നേഹപൂർവ്വം പദ്ധതി അപേക്ഷകൾ ഓൺലൈൻ ആയാണ് സ്വീകരിക്കുന്നത്. പ്രസ്തുത വർഷത്തിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ നിന്നും ഓൺലൈൻ ആയി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി അപേക്ഷ സമർപ്പിച്ച 354 വിദ്യാർത്ഥികൾക്ക് യുക അവരുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

വികലാംഗർക്ക് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം

242 (3082) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ 18-5-2013-ലെ സ.ഉ. (പി) 40/13/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം 16-8-1999 നമ്പർ 31-12-2003-നുമിടയിൽ 179 ദിവസം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ചവരുമായ അംഗപരിമിതർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. കൂടാതെ 24-8-2015-ലെ സ.ഉ. (പി) 51/15/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം 1-8-1994-നും 31-12-1996-നും മധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താൽക്കാലിക സേവനം അനുഷ്ഠിച്ച അംഗപരിമിതർക്ക് നിയമനം നൽകാൻ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly